യിൽ പ്രവർത്തിക്കുന്നുണ്ട്. പരിശോധന നടത്തിയത് തൃശ്ശൂർ ബിൽഡിംഗ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയറാണ്. പരിശോധനാ റിപ്പോർട്ട് കെട്ടിടം സുരക്ഷിതമല്ല എന്നാണ് സൂചിപ്പിക്കുന്നത്.

(ഡി) ആയിരത്തിലധികം രോഗികൾ പ്രതിദിനം വരുന്നുണ്ട്. കിടത്തി ചികിത്സിക്കുന്നവരുടെ എണ്ണം ശരാശരി 200 ആണ്.

(ഇ) 240 ബഡ്ഡുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിൽ ഇല്ല.

146 (2332) പുനലൂർ ഗവൺമെന്റ് ആശുപത്രി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഗവൺമെന്റ് ആശുപത്രി എന്നാണ് എഫ്.ആർ.യു. ആയി പ്രഖ്യാപിച്ചത്;

(ബി) എഫ്.ആർ.യു. ആശുപത്രിയായി ഉയർത്തുമ്പോൾ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തുന്നത്;

(സി) പുനലൂർ ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഇനി ഏതെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉണ്ട്;

(ഡി) ഇവ എന്നത്തേയ്ക്ക് ഏർപ്പെടുത്തുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24.4.1998-ൽ ആണ് പുനലൂർ ഗവൺമെന്റ് ആശുപത്രി എഫ്.ആർ.യു. ആയി പ്രഖ്യാപിച്ചത്.

(ബി) വിദഗ്ദ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരേയും നഴ്സുമാരേയും ഇതിലേക്ക് നിയോഗിക്കാറുണ്ട്. കൂടാതെ വൈദ്യസഹായരംഗത്തെ ആധുനിക ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

(സി)&(ഡി) ഓപ്പറേഷൻ തീയേറ്ററിലേക്ക് ജനറേറ്റർ, പുതിയ എക്സ്റേ യൂണിറ്റ്, അൾട്രാ സൗണ്ട് സ്കാനർ, ഫോട്ടോ തെറാപ്പി യൂണിറ്റ്, ഓവർസീസ് പ്രൊജക്ടർ, സ്റ്റെബിലൈസർ, ബോയിലേഴ്സ് അപ്പാരറ്റസ്, റസിബിറ്റേഷൻ കിറ്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

147 (2333) മഞ്ചേരിയിൽ ഡി.എം.ഒ. ഓഫീസിന്റെ കെട്ടിടം പണി

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ ഡി.എം.ഒ. ഓഫീസിന് കെട്ടിടം പണിയാൻ മറ്റു വകുപ്പുകളിൽനിന്നും ആരോഗ്യ വകുപ്പിന് സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ സ്ഥലം ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly